പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, മാനദണ്ഡത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. നിലവിൽ കറുകച്ചാൽ സെക്ഷന് 175 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുണ്ട്. കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ ഞാൻ കെ.എസ്.ഇ.ബി.-യോട് നിർദ്ദേശിക്കാം. പക്ഷേ ഉപഭോക്താക്കൾ ഇരുപതിനായിരത്തിൽ താഴെയുള്ളൂ. എന്തായാലും ഇത് പരിഗണിക്കാവുന്നതാണെന്നാണ് തോന്നുന്നത്.

(13) മാള-നെയ്തക്കുടി-ചുങ്കം റോഡ്

ശ്രീ. എ. കെ. ചന്ദ്രൻ : സർ, മാള മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ് മാള-നെയ്തക്കുടി-ചുങ്കം റോഡ്. പി.ഡബ്ല്യു.ഡി. ഒരു പാലം പണിതതോടുകൂടി കൊടുങ്ങല്ലൂരിലേക്ക് പ്രവേശിക്കാനുള്ള ഏറ്റവും എളുപ്പ മാർഗ്ഗമാണ് ഈ റോഡ്. എന്നാൽ ഈ റോഡ് ആകെ തകർന്ന് കിടക്കുകയാണ്. പാലം ഉദ്ഘാടനം ചെയ്തപ്പോൾ അന്നത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മോൻസ് ജോസഫ് ആ റോഡ് ഏറ്റെടുക്കുമെന്നും 25 ലക്ഷം രൂപ ആ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അനുവദിക്കുമെന്നും പ്രഖ്യാപിച്ചു. എന്നാൽ ഒരു നടപടിയും ഉണ്ടായില്ല. പിന്നീട് ഒരു സബ്മിഷൻ ഈ സഭയിൽ ഉന്നയിച്ചപ്പോൾ അന്ന് പൊതുരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ധനകാര്യ വകുപ്പുമന്ത്രി ഉടൻ അത് ചെയ്യുമെന്ന് പ്രഖ്യാപിച്ചു. യാതൊരു നടപടിയും ഉണ്ടായില്ല. കഴിഞ്ഞ ദിവസം ഇന്നത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ അവലോകന യോഗത്തിലും ഞാൻ ഇക്കാര്യം ഉന്നയിച്ചതാണ്. ഇപ്പോൾ റോഡ് പൊളിച്ച് പൈപ്പിട്ട് കൊടുങ്ങല്ലൂർക്ക് വെള്ളം കൊണ്ടു-പോയതോടുകൂടി ആ റോഡിൽ കൂടി നടക്കാൻപോലും കഴിയാത്ത സ്ഥിതിയാണ്. അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഈ ബഡ്ജറ്റിലുണ്ട്. അത് ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും രാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എ. കെ. ചന്ദ്രൻ ഉന്നയിച്ചത് ശരിയാണ്. മാള-നെയ്തക്കുടി-ചുങ്കം റോഡിന്റെ ഈ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ പഴയ മന്ത്രിമാരുടെ ഉറപ്പിന്റെ കാര്യമൊക്കെ ശരിയാണ്. 2010-11-ലെ ബഡ്ജറ്റിൽ ഈ പ്രശ്നം വന്നിരുന്നെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമാണുണ്ടായിരുന്നത്. അതുകൊണ്ട് നടക്കാതെപോയതാണ്. എന്നാൽ ഈ റോഡിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് സർക്കാർ പ്രത്യേക പദ്ധതിയായ റിസ്റ്റുവൽ പാക്കേജിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ടെണ്ടർ നടപടി ആരംഭിച്ചു. ഇനിയുള്ള കാര്യം അങ്ങയുടെ കയ്യിലാണ്.

LIBRARY ARCHIVES Kerala Legislative Assembly